മിസ്റ്റർ പി. ടി. ജേക്കബ്ബ്: കയർ ഇൻഡസ്ട്രി വലിപ്പിക്കണമെന്ന സ്റ്റീം ഗവ മെണ്ടിന്നുള്ളപ്പോൾ അതിന്റെ കണക്കെടുക്കേണ്ട ആവശ്യമില്ലെ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: എടുക്കുന്നതു നന്നായിരിക്കുകയില്ലെ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: നന്നായിരിക്കണം.

മിസ്റ്റർ പി. കെ. ഡിവർ: അതു സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെണ്ടിനെക്കൊണ്ടു എടുപ്പിക്കാമൊ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: ആലോചിക്കാം.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: കൊച്ചിയിലെ കയർ ബിസിനസ്സ് കുറഞ്ഞിരിക്കുന്നു എന്നു ഗവമെണ്ടിന്നറിയാമൊ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: അങ്ങിനെ കേൾവിയുണ്ടു.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: അതിന്നുള്ള കാരണമെന്താണെന്നു അറിയാമൊ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: വ്യാപാരസംബന്ധമായിട്ടുള്ള ചില മാറ്റങ്ങളാണെന്നാണു കേൾക്കുന്നതു.

T. B. KOZHINJAMPARA

60. മിസ്റ്റർ ആർ. എസ്സ്. തേവണ്ണ കവുണ്ടർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) കൊഴിഞ്ഞാമ്പാറ ടി. ബി. ഒഴിഞ്ഞുവാങ്ങിയിട്ടു എത്ര കാലമായി;

(ബി) ആയതിലേക്കു വേണ്ട ഫർണിച്ചർ നൽകിയിട്ടുണ്ടോ;

(സി) അത്യാവശ്യം വേണ്ട ഭൃത്യന്മാരെ നിയമിച്ചിട്ടുണ്ടോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ:

(എ) ൧൯൨൪ ചിങ്ങത്തിൽ ഒഴിഞ്ഞുവാങ്ങി.

(ബി) ഫർണീച്ചർ നൽകുവാൻ വേണ്ട നടപടികളും എടുക്കുന്നുണ്ടു.

(സി) ഉവ്വു.

മിസ്റ്റർ ആർ. എസ്സ്. തേവണ്ണകവുണ്ടർ: നടപടികളെടുക്കുന്നതിന്നു ഇത്ര കാലതാമസം വന്നാൽ സാമാനങ്ങളും വാങ്ങി അവിടെ എത്തിക്കുവാൻ എത്ര കൊല്ലം വേണ്ടിവരും?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: സാമാനങ്ങളും വാങ്ങിച്ചു തരുവാൻ ട്രാംവെ വർക്ഷാപ്പിലേക്കു ആർഡർ കൊടുത്തിട്ടുണ്ടു.

മിസ്റ്റർ ആർ. എസ്സ്. തേവണ്ണകവുണ്ടർ: അവർക്കു സാധിക്കുകയില്ലെങ്കിൽ വേറെ ആൾക്കു കൊടുക്കുവാൻ പാടില്ലെ?

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇടവമാസം കഴിയുന്നതുവരെ അവിടെ ഒരു ഡാക്ടർ താമസിച്ചിരുന്നതായി അറിയാമൊ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ഒരിക്കൽ താമസിച്ചിരുന്നു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ഇടവം, മിഥുനം ഈ കാലങ്ങളിൽ അതു ഗവ മെണ്ടു ഒഴിഞ്ഞുവാങ്ങിയിരുന്നൊ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ൧൯൨൪ ചിങ്ങത്തിൽ ഒഴിഞ്ഞുവാങ്ങിയെന്നാണു അറിയുന്നതു.

Mr. Parambi Lonappen *(Irinjalakkuda)*: 1121 is a mistake for 1122. I know it.

LIBRARY ARCHIVES Kerala Legislative Assembly